**അറിയിപ്പ്**

മി. ഡെപ്യൂട്ടി സ്പീക്കർ: 'ആസാദി കാ അമൃത്' മഹോത്സവത്തിന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലൊരുക്കുന്ന ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെയും കേരള സംസ്ഥാന രൂപീകരണത്തേയും തുടർന്നുള്ള പ്രധാന സംഭവങ്ങളെ സംബന്ധിച്ചുള്ള ഓഡിയോ-വീഡിയോ-ഫോട്ടോ പ്രദർശനത്തിന്റെ ഒരു പ്രാഥമിക പ്രദർശനം അംഗങ്ങൾക്കായി നിയമസഭാ മന്ദിരത്തിന്റെ താഴത്തെ നിലയുടെ വടക്കുഭാഗത്തെ പാർലറിലും ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിലുമായി നടത്തുന്നതാണ്. പ്രസ്തുത പ്രദർശനത്തിന്റെ ഉദ്ഘാടനം നാളെ രാവിലെ 8.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

2022 ജൂലൈ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മെഡിസെപ് പദ്ധതി നിയമസഭാ സാമാജികർക്ക് പരിചയപ്പെടുത്തുന്ന പരിപാടി ഇന്ന് സഭാ സമ്മേളനത്തിനുശേഷം നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിലേയ്ക്കും തുടർന്ന് നടക്കുന്ന അത്താഴവിരുന്നിലേയ്ക്കും എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്ഷണിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.